**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 360** — **18.10.2016 - ൽ മറുപടിക്ക്.**

## വ്യവസായ മേഖലയെക്കുറിച്ച് സമഗ്രമായ പഠനം

| ചോദ്യം | മറുപടി |
|---|---|
| സർവ്വശ്രീ. കെ. രാജൻ, സി. ദിവാകരൻ, ആർ. രാമചന്ദ്രൻ, എൽദോ എബ്രഹാം. | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി). |
| (എ) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ നിയമങ്ങളിലും അവയുടെ പ്രയോഗത്തിലും എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) : കേരള പഞ്ചായത്ത് രാജ് നിയമം, മുനിസിപ്പാലിറ്റി നിയമം, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് നിയമം, തൊഴിൽ നിയമം, കേരള ഏകജാലക സംവിധാന ബോർഡ് ആന്റ് വ്യവസായ ഏരിയ വികസന നിയമം എന്നിവയാണ് സംസ്ഥാനത്ത് വ്യവസായ സ്ഥാപനവുമായി ബന്ധപ്പെട്ട നിയമങ്ങൾ. ഇവയിൽ മാറ്റം കൊണ്ടുവരുന്നതിനെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ല. |
| (ബി) സംസ്ഥാനത്തെ വ്യവസായ മേഖലയെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) : സംസ്ഥാനത്തെ വ്യവസായ മേഖലയെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ട്. കൊച്ചിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാൾ എന്റർപ്രൈസസ് ആന്റ് ഡവലപ്പ്മെന്റ് (ISED)-യാണ് പഠനം നടത്തിയത്. സംരംഭ സാദ്ധ്യതകൾ, മത്സരശേഷി, വനിതാ വ്യവസായം, വ്യവസായ ക്ലസ്റ്ററുകൾ, പുതിയ മേഖലകൾ എന്നിവയായിരുന്നു പഠന വിഷയങ്ങൾ. കേരളത്തിലെ വൈവിദ്ധ്യവും സാദ്ധ്യതകളും. പൊതു-സ്വകാര്യ മേഖലകൾ, സൂക്ഷ്മ പരിശോധന വേണ്ട വിഷയങ്ങൾ, സംരംഭക വികസനത്തിനായുള്ള പുതിയ കാഴ്ചപ്പാടുകൾ, കേരളത്തിലെ വ്യവസായ അനുകൂല ഘടകങ്ങൾ, വ്യവസായ മേഖലയുടെ വളർച്ചയ്ക്കാവശ്യമായ ശുപാർശകൾ എന്നിവ പഠന റിപ്പോർട്ടിന്റെ ഭാഗമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകനയോഗങ്ങൾ റിയാബ് (Public Sector Restructuring and Internal |

Audit Board (RIAB)) മുഖേന നടന്നുകഴിഞ്ഞു.

(സി) വ്യവസായ വികസനത്തിന് സ്വകാര്യ മേഖലയുടെ പങ്കാളിത്തം സംബന്ധിച്ച നിലപാട് വിശദമാക്കുമോ ?

(സി) : വ്യവസായ വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ചെറുതല്ല. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിലെ ഭൂരിഭാഗം സ്ഥാപനങ്ങളും സ്വകാര്യ മേഖലയിലാണ്. മൂലധന നിക്ഷേപം, ഉത്പാദന വളർച്ച, നികുതി വരുമാനം എന്നിവയിലൂടെ സംസ്ഥാനത്തിന്റെ വളർച്ച ഉറപ്പു വരുത്തുവാൻ സ്വകാര്യ മേഖലയെ പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.